# സൂറ – 30 / അർറൂം

## സൂക്തം: 17 – 21



വിരുദ്ധങ്ങളായ പ്രതിഭാസങ്ങളിൽ തന്നെ ഒരുവക രഞ്ജനവും പാരസ്പര്യവും നിക്ഷിപ്തമായിരിക്കുന്നുവെന്നതും സൃഷ്ടിയിൽ കാണപ്പെടുന്ന വലിയൊരു ദൃഷ്ടാന്തമാണ്. രാവും പകലുമായാലും ചൂടും തണുപ്പുമായാലും ആണും പെണ്ണുമായാലും എല്ലാം പരസ്പരം സഹകരിച്ചു പ്രവർത്തിക്കുന്ന ഇണകളാണ്. ഈ അണ്ഡകടാഹം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് സർവജ്ഞനും സർവശക്തനുമായ ഒരസ്തിത്വത്തിന്റെ കണിശമായ നിയന്ത്രണത്തിനു കീഴിലാണെന്നതിന്റെ വ്യക്തമായ സാക്ഷ്യമാണ് വിരുദ്ധ പ്രതിഭാസങ്ങൾക്കിടയിൽ കാണപ്പെടുന്ന രഞ്ജിപ്പും സഹകരണവും.

فَسُبْحَانَ اللَّهِ حِينَ تُمْسُونَ وَحِينَ تُصْبِحُونَ ﴿١٧﴾

17. ആകയാൽ പ്രദോഷത്തിലും പ്രഭാതത്തിലും അല്ലാഹുവിനെ വാഴ്ത്തുവിൻ.

وَلَهُ الْحَمْدُ فِي السَّمَاوَاتِ وَالْأَرْضِ وَعَشِيًّا وَحِينَ تُظْهِرُونَ ﴿١٨﴾

18. വാനലോകത്തും ഭൂലോകത്തും അവന്നു മാത്രമാകുന്ന സ്തോത്രം - സായംകാലത്തും മധ്യാഹ്നമാകുമ്പോഴും അവനെ വാഴ്ത്തുവിൻ.

**17,18**

فَسُبْحَانَ اللَّهِ= ആകയാൽ അല്ലാഹു പരമ പരിശുദ്ധൻ (അല്ലാഹുവിനെ വാഴ്ത്തുവിൻ)

حِينَ تُمْسُونَ = നിങ്ങൾക്കു സന്ധ്യയാകുന്ന നേരത്ത് (പ്രദോഷത്തിലും)

وَحِينَ تُصْبِحُونَ = നിങ്ങൾക്ക് പ്രഭാതമാകുന്ന നേരത്തും (പ്രഭാതത്തിലും)

وَلَهُ الْحَمْدُ= സ്തോത്രം അവന്നു മാത്രമാകുന്നു فِي السَّمَاوَاتِ وَالْأَرْضِ= വാനലോകത്തും ഭൂലോകത്തും

وَعَشِيًّا= സായം കാലത്തും (അവനെ വാഴ്ത്തുവിൻ) وَحِينَ تُظْهِرُونَ = നിങ്ങൾ മധ്യാഹ്ന വേളയിലാകുമ്പോഴും (അവനെ വാഴ്ത്തുവിൻ)

سُبْحَانَ اللَّهِ നേരത്തേ പല സൂറകളിൽ ആവർത്തിച്ചുവന്നിട്ടുള്ളതും വിശദീകരിക്കപ്പെട്ടിട്ടുള്ളതുമാകുന്നു. ഈ സന്ദർഭത്തിൽ فَسُبْحَانَ اللَّهِ -യുടെ താൽപര്യം ഇതാണ്: അല്ലാഹുവിന്റെ ഏകത്വത്തെയും രക്ഷാ-ശിക്ഷാ വ്യവസ്ഥയെയും കുറിച്ച് മുൻ സൂക്തങ്ങളിൽ പ്രസ്താവിച്ചത് അനിഷേധ്യമായ യാഥാർഥ്യങ്ങളാകയാൽ രാവിലെയും മധ്യാഹ്നത്തിലും സന്ധ്യക്കും രാത്രിയിലുമെല്ലാം ആ അല്ലാഹുവിനെ മാത്രം വാഴ്ത്തുകയും സ്തുതിക്കുകയും ചെയ്യുക ഓരോ സൃഷ്ടിയുടെയും കടമയാകുന്നു. സങ്കീർത്തന സമയങ്ങൾക്കിടയിൽ വന്ന وَلَهُ الْحَمْدُ فِي السَّمَاوَاتِ وَالْأَرْضِ -എന്ന ഉപവാക്യത്തിലൂടെ ഉണർത്തുന്നതിതാണ്: അല്ലാഹു മാത്രം ആരാധിക്കപ്പെടേണമെന്ന് പറയുന്നതിൽ അസാധാരണമായോ അത്ഭുതകരമായോ ഒന്നുമില്ല. അതൊരു സ്വാഭാവിക സംഗതി മാത്രമാകുന്നു. വാനലോകത്തും ഭൂലോകത്തും ആരാധിക്കപ്പെട്ടുകൊണ്ടിരിക്കുന്നത് അവൻ തന്നെയാണ്. എല്ലാ സൃഷ്ടികളും അവനുമാത്രം വഴിപ്പെട്ടു വാഴുന്നു. അചേതന വസ്തുക്കളോ തിര്യക്കുകളോ അവൻ നിശ്ചയിച്ച ധർമത്തിൽനിന്ന് കടുകിട വ്യതിചലിക്കുന്നില്ല. മനുഷ്യേതര സൃഷ്ടികളുടെ സങ്കീർത്തനം മനുഷ്യരുടെ കേൾവിക്കും കാഴ്ചക്കും അതീതമാകുന്നു.

وَإِن مِّن شَيْءٍ إِلَّا يُسَبِّحُ بِحَمْدِهِ وَلَٰكِن لَّا تَفْقَهُونَ تَسْبِيحَهُمْ (അവനെ സ്തുതികീർത്തനം ചെയ്യാതെ പ്രപഞ്ചത്തിൽ യാതൊന്നുമില്ല. പക്ഷേ, അവയുടെ സങ്കീർത്തനം നിങ്ങൾക്ക് ഗ്രഹിക്കാനാകുന്നില്ല - 17:44). അല്ലാഹുവല്ലാത്തവരെ ആരാധിക്കുന്നവരുടെ ജീവിതതാളം പ്രകൃതിയുടെ പൊതുവായ താളത്തിനെതിരാകുന്നു. അല്ലാഹുവിനെ മാത്രം വാഴ്ത്തുകയും സ്തുതിക്കുകയും അവന്റെ അഭീഷ്ടമനുസരിച്ച് കർമം ചെയ്യുകയും ചെയ്യുന്നവർക്കേ പ്രപഞ്ചതാളവുമായി സമരസപ്പെടാനാകൂ. പ്രേരണയോടൊപ്പം ഒരു വക നിസ്സംഗതകൂടി പ്രകാശിപ്പിക്കുന്നുണ്ട് ഈ വാക്യങ്ങളിൽ. അതായത്, അല്ലാഹുവിനുള്ള ഹംദിൽനിന്നും തസ്ബീഹിൽ നിന്നും- ആരാധനയിൽനിന്ന്- മാറിന

ൽക്കുന്നവർ അത് അല്ലാഹുവിന് ഒരു ക്ഷീണമാകുമെന്ന് കരുതേണ്ട. ഈ പ്രപഞ്ചത്തിൽ സദാ അവനെ സ്തുതിക്കുകയും വാഴ്ത്തുകയും ചെയ്തുകൊണ്ടിരിക്കുന്നവർക്ക് ഒരു കുറവുമില്ല. പ്രപഞ്ചത്തിന്റെ ഓരോ കോശവും അവനെ വാഴ്ത്തിക്കൊണ്ടിരിക്കുകയാണ്. ആരെങ്കിലും അവനെ വാഴ്ത്താതിരിക്കുന്നുവെങ്കിൽ അത് കുറവാകുന്നത് അവനല്ല; അവർക്കാണ്. അവന്റെ വെളിച്ചത്തിൽനിന്നും അനുഗ്രഹത്തിൽനിന്നും പ്രപഞ്ചത്തിന്റെ പൊതുവായ താളത്തിൽനിന്നും സ്വയം അകലുകയാണവർ. ഒരുവൻ പകൽവെളിച്ചത്തിലേക്ക് കണ്ണു തുറക്കുന്നില്ലെങ്കിൽ അവൻ സ്വയം ഇരുട്ടിലാകുന്നുവെന്നല്ലാതെ സൂര്യനും അതിന്റെ പ്രകാശത്തിനും എന്തു കുഴപ്പം?!

ഇവിടെ ഹംദിനും തസ്ബീഹിനും നിർദേശിക്കപ്പെട്ട സമയ സന്ധികൾ ശ്രദ്ധിച്ചാൽ അവക്ക് ദൃഷ്ടാന്തപരമായ സവിശേഷതയുള്ളതായി കാണാം. പകൽ രാവിനും രാവ് പകലിനും വഴിമാറിക്കൊടുക്കുന്ന സന്ധികൾ. സൂര്യൻ ആകാശ മധ്യത്തിലെത്തുന്ന സമയം. രാത്രി ഇരുൾ മൂടുന്ന സമയം. ഈ ലോകത്ത് വമ്പിച്ച മാറ്റങ്ങൾ സംഭവിക്കുന്ന സമയ സന്ധിയിലാണ് ആ മാറ്റങ്ങൾക്ക് നിമിത്തമായവനെ അവന്റെ ആജ്ഞാനുസാരം താൻ വാഴ്ത്തുന്നതെന്നത് വാഴ്ത്തുന്നവരുടെ മനസ്സിലും മസ്തിഷ്കത്തിലും വലിയ സ്വാധീനം ചെലുത്തും. ദിവസത്തിൽ തസ്ബീഹിനും തഹ്മീദിനും വിനിയോഗിക്കേണ്ട കുറച്ചു നേരത്തിന് ഉദാഹരണമായി ഏതാനും സമയസന്ധികൾ ചൂണ്ടിക്കാണിക്കുകയല്ല അല്ലാഹു. ആ കർമം ഫലപ്രദമായി ചെയ്യാൻ ഏറ്റം പറ്റിയ സമയങ്ങൾ തെരഞ്ഞെടുത്തു നിർദേശിച്ചുതരികകൂടിയാണവൻ.

ഈ സൂക്തങ്ങൾ നമസ്കാരത്തിന്റെ അഞ്ച് സമയങ്ങളും ഉൾക്കൊള്ളുന്നുവെന്ന് ഇബ്നു അബ്ബാസ് (റ) പ്രസ്താവിച്ചതായി ഇബ്നു ജരീറും ഇബ്നുൽ മുൻദിറും ഉദ്ധരിച്ചിരിക്കുന്നു. ഇബ്നു അബ്ബാസ് പറഞ്ഞതിങ്ങനെ: ഈ സൂക്തം നമസ്കാര സമയങ്ങളെ ഒരുമിച്ചുകൂട്ടിയിരിക്കുന്നു. 'فَسُبْحَانَ اللَّهِ حِينَ تُمْسُونَ -മഗ്‌രിബും ഇശാഉം, وَحِينَ تُصْبِحُونَ - ഫജ്ർ നമസ്കാരം وَعَشِيًّا -അസ്വ്ർ, وَحِينَ تُظْهِرُونَ - ളുഹ്ർ.' ഈ നിവേദനം സാധുവാണെങ്കിൽ فَسُبْحَانَ اللَّهِ എന്ന വാക്യം നമസ്കാരം കൽപിക്കുകയാണെന്ന് വ്യാഖ്യാനിക്കണം. നമസ്കാരത്തിൽ سُبْحَانَ رَبِّيَ الْأَعْلَىٰ وَبِحَمْدِهِ എന്നു പറയുന്നുണ്ടല്ലോ എന്ന് അതിനെ ന്യായീകരിക്കുകയും ചെയ്യാം. എന്നാൽ ഈ സൂക്തങ്ങളുടെ ഉദ്ദേശ്യം പഞ്ചനമസ്കാരം കൽപിക്കുകയും അവയുടെ സമയം നിർണയിച്ചുതരികയുമല്ല എന്നാണ് ശൈഖ് ഇബ്നു ആശൂറിനെപോലുള്ളവരുടെ അഭിപ്രായം. നമസ്കാരത്തിൽ ഉള്ള تسبيح -നെ പരിഗണിച്ചു പറയുകയാണെങ്കിൽ السُّبْحة എന്നാണ് പറയുക, سُبْحَانَ الله എന്നു പറയുകയില്ല. പ്രപഞ്ചത്തിലെ സകല ചരാചരങ്ങളും അല്ലാഹുവിനെ വാഴ്ത്തിക്കൊണ്ടിരിക്കുന്നു. അതുപോലെ മനുഷ്യനും അവനെ വാഴ്ത്താൻ കടപ്പെട്ടവനാണ്. അതിന് ഏറ്റം ഉചിതമായ സമയങ്ങളാണ് പ്രഭാതവും പ്രദോഷവും രാത്രിയും മധ്യാഹ്നവും. ഇതാണ് സൂക്തങ്ങളുടെ താൽപര്യം. ഇതിൽ പറഞ്ഞ സമയങ്ങൾ പഞ്ചനമസ്കാരത്തിന്റെ സമയങ്ങളുമായി യോജിച്ചുവന്നത് സ്വാഭാവികമാണ്. ഏറ്റം ശ്രേഷ്ഠമായ ആരാധനയാണല്ലോ ഫർദ് നമസ്കാരം. ഏറ്റം ഉചിതമായ സമയമാണ് അതിന് നിശ്ചയിക്കപ്പെടുക. മറ്റ് സ്തുതികീർത്തനങ്ങൾക്കും ഏറ്റം പറ്റിയ സമയം അതു തന്നെയായിരിക്കുമെന്ന് വ്യക്തമാണ്. നിർബന്ധമായി അനുഷ്ഠിക്കേണ്ട അഞ്ചു നമസ്കാരങ്ങളുടെ സമയങ്ങൾ ഖുർആൻ 11:114, 17:78-79, 20:130 സൂക്തങ്ങളിലും സൂചിപ്പിച്ചിട്ടുണ്ട്. വിശദമായ ചർച്ച *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക.

•

يُخْرِجُ الْحَيَّ مِنَ الْمَيِّتِ وَيُخْرِجُ الْمَيِّتَ مِنَ الْحَيِّ وَيُحْيِي الْأَرْضَ بَعْدَ مَوْتِهَا ۚ وَكَذَٰلِكَ تُخْرَجُونَ ﴿١٩﴾

19. അവൻ നിർജീവമായതിൽനിന്ന് സജീവമായതിനെ ഉളവാക്കുന്നു. സജീവമായതിൽനിന്ന് നിർജീവമായതിനെയും ഉളവാക്കുന്നു. നിർജീവമായിക്കഴിഞ്ഞ ഭൂമിയെ സജീവമാക്കുന്നു. ഇതേപ്രകാരം നിങ്ങളും പുനരുൽപ്പാദിപ്പിക്കപ്പെടുന്നതാകുന്നു.

**19**

يُخْرِجُ الْحَيَّ = അവൻ ജീവനുള്ളതിനെ പുറപ്പെടുവിക്കുന്നു (സജീവമായതിനെ ഉളവാക്കുന്നു)

مِنَ الْمَيِّتِ = ശവത്തി(നിർജീവമായതി)ൽനിന്ന്

وَيُخْرِجُ الْمَيِّتَ مِنَ الْحَيِّ = സജീവമായതിൽനിന്ന് നിർജീവമായതിനെയും ഉളവാക്കുന്നു

وَيُحْيِي الْأَرْضَ = അവൻ ഭൂമിയെ ജീവിപ്പിക്കുന്നു (സജീവമാക്കുന്നു)

بَعْدَ مَوْتِهَا = അതിന്റെ മരണശേഷം (നിർജീവമായിക്കഴിഞ്ഞ) وَكَذَٰلِكَ = ഇതേ പ്രകാരം

تُخْرَجُونَ = നിങ്ങൾ(ും) പുറപ്പെടുവിക്കപ്പെടുന്നു (പുനരുൽപാദിപ്പിക്കപ്പെടുന്നതാകുന്നു)

സൃഷ്ടികളുടെ സ്തുതികീർത്തനങ്ങൾക്ക് അർഹതയുള്ള ഏക അസ്തിത്വം അല്ലാഹു മാത്രമാകുന്നതിന്റെയും പ്രാപഞ്ചിക പ്രതിഭാസങ്ങളഖിലം അവനെ പ്രകീർത്തിക്കുന്നതിന്റെയും ന്യായം വ്യക്തമാക്കുകയാണ്. ആ ന്യായം മരണാനന്തര ജീവിതത്തിന്റെ സാധ്യതക്ക് മതിയായ തെളിവാണെന്നും പ്രസ്താവിക്കുന്നു. ഇല്ലാത്തതിനെ

ഉളവാക്കുന്നതിനെയും ഒരു വസ്തുവിൽനിന്ന് മറ്റൊരു വസ്തുവിനെ ഉൽപാദിപ്പിക്കുന്നതിനെയും ഉള്ളിലുള്ളതിനെ പുറംതള്ളുന്നതിനെയും കുറിക്കുന്ന പദമായ اخراج -ൽനിന്നുള്ള വർത്തമാന ക്രിയയാണ് يُخْرِجُ. പദാർഥങ്ങൾ പൊതുവിൽ അചേതനമാണ്. ഒറ്റക്കൊറ്റക്ക് എടുത്താൽ ഒരു പദാർഥത്തിനും ജീവനില്ല. മണ്ണും മരവും മാത്രമല്ല, മനുഷ്യ ശരീരത്തിലെ അവയവങ്ങളും കോശങ്ങളും ശരീരത്തിൽനിന്ന് വേർപെടുത്തിയാൽ നിർജീവമാണ്. നിർജീവമായ പല വസ്തുക്കളുടെ സംഘാതത്തിൽനിന്ന് ജീവികൾ ഉൽപാദിപ്പിക്കപ്പെടുന്നു. കഴിവും കരുത്തുമുള്ള ജീവികളിൽനിന്നുതന്നെ നിർജീവ വസ്തുക്കളും ഉളവാകുന്നു. നിർജീവമായ മുട്ടയിൽനിന്ന് ജീവനുള്ള കോഴി വിരിഞ്ഞുവരുന്നു. ജീവിതം അവസാനിക്കുമ്പോൾ എല്ലാ ജീവികളും നിർജീവ പദാർഥങ്ങളായി മാറുന്നു. ജീവിച്ചിരിക്കുമ്പോൾ തന്നെ അവയിൽനിന്ന് പുറത്തുവരുന്ന ഘടകങ്ങളും വിസർജ്യങ്ങളും നിർജീവമാണ്. നിർജീവമായ പദാർഥങ്ങൾ ഭക്ഷിച്ചാണ് ജന്തുക്കൾ ജീവൻ നിലനിർത്തുന്നത്. ജീവൻ കൊടുക്കുകയും എടുക്കുകയും ചെയ്യുന്ന പ്രക്രിയ ആരാണ് നടത്തുന്നതെന്നു ചോദിച്ചാൽ ദൈവം എന്ന് ഒരുത്തരമേയുള്ളൂ. മനുഷ്യർ നിർജീവമായിക്കഴിഞ്ഞാൽ പുനർജീവിപ്പിക്കപ്പെടുക അസാധ്യമാണെന്നാണ് പരലോകനിഷേധികൾ പറയുന്നത്. അവർ മണ്ണിലേക്കു നോക്കട്ടെ. വേനലിൽ അത് വരണ്ടുണങ്ങി നിർജീവമായി കിടക്കുന്നതു കാണാം. പിന്നെ അതിൽ മഴ പെയ്യുന്നു. അപ്പോഴത് സസ്യങ്ങൾ മുളപ്പിച്ച് സജീവമാവുകയായി. ഇതുപോലെ, മരിച്ച മനുഷ്യരും ഒരു നാൾ ഉയിർത്തെഴുന്നേൽക്കും. ജനിമൃതികൾ അല്ലാഹുവിന്റെ കഴിവിലും അധികാരത്തിലുമുള്ള കാര്യമാണ്. നിർജീവമായതിനെ ജീവിപ്പിക്കാനും സജീവമായതിനെ നിർജീവമാക്കാനും അവന് ഒരു പ്രയാസവുമില്ല. 6:95–96 സൂക്തങ്ങളിലും ജനിമൃതികളെ പരാമർശിക്കുന്നുണ്ട്. കൂടുതൽ വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. ●

---

وَمِنْ آيَاتِهِ أَنْ خَلَقَكُم مِّن تُرَابٍ ثُمَّ إِذَا أَنتُم بَشَرٌ تَنتَشِرُونَ ﴿٢٠﴾

20. നിങ്ങളെ മണ്ണിൽനിന്നു സൃഷ്ടിച്ചതും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു. എന്നിട്ടതാ നിങ്ങൾ മനുഷ്യരായി ഭൂമിയിലെങ്ങും പരക്കുന്നു.

**20**

وَمِنْ آيَاتِهِ = അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു أَنْ خَلَقَكُم = അവൻ നിങ്ങളെ സൃഷ്ടിച്ചത്

مِّن تُرَابٍ = മണ്ണിൽനിന്ന് ثُمَّ إِذَا أَنتُم = എന്നിട്ടതാ നിങ്ങൾ

بَشَرٌ = (ആയി) മനുഷ്യർ تَنتَشِرُونَ = (ഭൂമിയിലെങ്ങും) പരക്കുന്നു

ഇനി അല്ലാഹുവിന്റെ ഏകത്വത്തെയും- തൗഹീദിനെ- സൃഷ്ടിവൈഭവത്തെയും പരലോകത്തെയും ഉയിർത്തെഴുന്നേൽപിനെയും സാക്ഷ്യപ്പെടുത്തുന്ന കുറേ പ്രാപഞ്ചിക ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കുകയാണ്. പണ്ഡിതന്മാർക്കും പാമരന്മാർക്കും സുഗ്രാഹ്യമാണീ ദൃഷ്ടാന്തങ്ങൾ. ഭൗതികശാസ്ത്രം പഠിച്ചവർക്ക് അവയുടെ കൂടുതൽ ആഴങ്ങളിലേക്കിറങ്ങിച്ചെല്ലാൻ കഴിയും. പക്ഷേ, ഭൗതിക ശാസ്ത്രത്തിന്റെ കണ്ണാടിയിലൂടെ മാത്രം - ظَاهِرًا مِنَ الْحَيَاةِ الدُّنْيَا - വീക്ഷിക്കുന്നവർക്ക് ഒരു പ്രതിഭാസത്തിന്റെയും ആന്തരാർഥങ്ങൾ കണ്ടെത്താനാവില്ല. മറിച്ച് അഗോചരം- غيب- എന്ന യാഥാർഥ്യത്തെ അംഗീകരിച്ചുകൊണ്ട് നിരീക്ഷിക്കുകയാണെങ്കിൽ ശാസ്ത്ര ജ്ഞാനമൊന്നുമില്ലാത്ത സാധാരണക്കാരനും അവ വിളിച്ചോതുന്ന സത്യങ്ങൾ മനസ്സിലാക്കാൻ കഴിയും. അപ്പോൾ പരലോകവും ഉയിർത്തെഴുന്നേൽപുമാണ് ഭൗതിക ലോകത്തെ അർഥവത്താക്കുന്നതെന്നു കാണാം. ദൈവം ഒരേയൊരുവനല്ലെങ്കിൽ ഉയിർത്തെഴുന്നേൽപു നിരർഥകമാകുന്നു. കർമങ്ങൾ എന്തു തന്നെയായാലും പരലോകത്ത് രക്ഷിക്കാൻ ബഹുദൈവങ്ങളും ശിപാർശകരും ഉണ്ടെങ്കിൽ പിന്നെ മനുഷ്യൻ വിചാരണ ചെയ്യപ്പെടുന്നതും ചെയ്യപ്പെടാതിരിക്കുന്നതും തുല്യമാകുന്നു. എല്ലാവിധ സ്വാധീനങ്ങൾക്കും ഇടപെടലുകൾക്കും അതീതമായി അല്ലാഹുവിന്റെ സമ്പൂർണ നീതി സാക്ഷാത്കൃതമാകുന്ന സന്ദർഭം എന്നതാണ് ഉയിർത്തെഴുന്നേൽപു ദർശനത്തിന്റെ കാതൽ.

മഹാവിദ്വാന്മാരുടെ അടുത്തു ചെന്ന് പഠിക്കുകയോ ക്ലിഷ്ഠമായ ഗവേഷണങ്ങൾ നടത്തുകയോ ചെയ്യാതെ ഓരോ വ്യക്തിക്കും അവനവനിൽതന്നെ അനായാസം കണ്ടെത്താവുന്ന ദൃഷ്ടാന്തങ്ങളിലേക്കാണ് ആദ്യം ശ്രദ്ധ ക്ഷണിക്കുന്നത്. മനുഷ്യന്റെ സൃഷ്ടി തന്നെയാണ് ഒന്നാമത്തേത്. മനുഷ്യൻ സൃഷ്ടിക്കപ്പെട്ടുതുടങ്ങിയത് മണ്ണിൽനിന്നാകുന്നു എന്ന സത്യം എല്ലാ മതങ്ങളും പറഞ്ഞിട്ടുള്ളതാണ്. സ്രഷ്ടാവിനെ അംഗീകരിക്കാത്ത പരിണാമവാദികളും മനുഷ്യന്റെ തുടക്കം കണ്ടെത്തുന്നത് മണ്ണിൽതന്നെ. മണ്ണിൽനിന്നാണ് മനുഷ്യനടക്കം എല്ലാ ജീവജാലങ്ങളും ഉത്ഭവിക്കുന്നതും നിലനിൽക്കുന്നതും. ആദിപിതാവിന്റെ മാത്രമല്ല ഇന്നത്തെ മനുഷ്യന്റെയും സത്ത് സോഡിയം, കാർബൺ, കാത്സ്യം തുടങ്ങിയ ഭൗമ ഘടകങ്ങൾ തന്നെയാണ്. നിർജീവമായ ഈ ഭൗമ പദാർഥങ്ങളിൽനിന്നാണ് ദൈവം നിങ്ങളെ സൃഷ്ടിച്ചത്. എന്നിട്ട് നിങ്ങളിതാ ജീവനും ബോധവും വികാരങ്ങളുമുള്ള മനുഷ്യരായി ലോകത്തെങ്ങും പരന്നുകൊണ്ടിരിക്കുന്നു. സ്രഷ്ടാവിന്റെ അപാരശക്തിയിലേക്കും പ്രഭാവത്തിലേക്കും ശ്രദ്ധ ക്ഷണിക്കുകയാണ് ഇവിടെ اذا എന്ന ശബ്ദം. അതായത്, ആലോചിച്ചുനോക്കുക; ജീവന്റെ കണിക പോലുമില്ലാത്ത വരണ്ടുണങ്ങിയ മണ്ണെവിടെ, ജീവനും ബുദ്ധിയും വികാരവുമുള്ള മനുഷ്യനെവിടെ? നിർജീവമായ മണ്ണിൽനിന്ന് ഉയിർപ്പി

ക്കപ്പെട്ട ഈ മനുഷ്യൻ മരണാനന്തരം താൻ പുനരുയിർപ്പിക്കപ്പെടുക അസാധ്യമെന്ന് തർക്കിക്കുന്നത് മൗഢ്യമല്ലാതെ മറ്റെന്താണ്? 36: 77,78-ൽ ഈ ആശയം അവതരിപ്പിക്കുന്നത് ഇങ്ങനെയാണ്:

أَوَلَمْ يَرَ الْإِنسَانُ أَنَّا خَلَقْنَاهُ مِن نُّطْفَةٍ فَإِذَا هُوَ خَصِيمٌ مُّبِينٌ ﴿٧٧﴾ وَضَرَبَ لَنَا مَثَلًا وَنَسِيَ خَلْقَهُ ۖ قَالَ مَن يُحْيِي الْعِظَامَ وَهِيَ رَمِيمٌ ﴿٧٨﴾

(മനുഷ്യൻ കണ്ടിട്ടില്ലേ, ഒരു രേതസ്കണത്തിൽനിന്ന് നാം അവനെ സൃഷ്ടിച്ചതെങ്ങനെയെന്ന്? എന്നിട്ടിതാ അവൻ തെളിഞ്ഞ കുതർക്കിയായി വന്നിരിക്കുന്നു. സ്വന്തം സൃഷ്ടി മറന്നുകൊണ്ട്, നുരുമ്പിപ്പൊടിഞ്ഞ അസ്ഥികൾ ആരു പുനഃസൃഷ്ടിക്കാൻ എന്ന് നമ്മോട് ന്യായം പറയുന്നു). മനുഷ്യന്റെ സൃഷ്ടിപ്രക്രിയയെക്കുറിച്ച് നേരത്തേ സൂറ *അൽ ഹജ്ജ്* 5, *അൽ മുഅ്മിനൂൻ* 12-14 സൂക്തങ്ങളിൽ വിശദമായി പ്രസ്താവിച്ചിരിക്കുന്നു. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. ●

---

وَمِنْ آيَاتِهِ أَنْ خَلَقَ لَكُم مِّنْ أَنفُسِكُمْ أَزْوَاجًا لِّتَسْكُنُوا إِلَيْهَا وَجَعَلَ بَيْنَكُم مَّوَدَّةً وَرَحْمَةً ۚ إِنَّ فِي ذَٰلِكَ لَآيَاتٍ لِّقَوْمٍ يَتَفَكَّرُونَ ﴿٢١﴾

21. നിങ്ങളുടെ വർഗത്തിൽനിന്നുതന്നെ നിങ്ങൾക്ക് ഇണകളെ സൃഷ്ടിച്ചു തന്നതും അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു; നിങ്ങൾ അവരിലേക്ക് ശാന്തികൊള്ളാൻ. അവൻ നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും കൂടി ഉണ്ടാക്കിവെച്ചിരിക്കുന്നു. ചിന്തിക്കുന്ന ജനത്തിന് തീർച്ചയായും അതിൽ പല ദൃഷ്ടാന്തങ്ങളുണ്ട്.

**21**

وَمِنْ آيَاتِهِ= അവന്റെ ദൃഷ്ടാന്തങ്ങളിൽപെട്ടതാകുന്നു أَنْ خَلَقَ لَكُم = നിങ്ങൾക്കു വേണ്ടി സൃഷ്ടിച്ച(ച്ചുതന്ന)തും

مِّنْ أَنفُسِكُمْ= നിങ്ങളിൽനിന്നുതന്നെ (നിങ്ങളുടെ വർഗത്തിൽനിന്നുതന്നെ)

أَزْوَاجًا= ഇണകളെ لِّتَسْكُنُوا إِلَيْهَا= നിങ്ങൾ അവരിലേക്ക് ശാന്തികൊള്ളാൻ

وَجَعَلَ بَيْنَكُم = അവൻ നിങ്ങൾക്കിടയിൽ ഉണ്ടാക്കുകയും ചെയ്തു (ഉണ്ടാക്കിവെച്ചിരിക്കുന്നു)

مَّوَدَّةً وَرَحْمَةً= സ്നേഹവും കാരുണ്യവും (കൂടി) إِنَّ فِي ذَٰلِكَ = തീർച്ചയായും അതിൽ ഉണ്ട്

لَآيَاتٍ= (പല) ദൃഷ്ടാന്തങ്ങൾ തന്നെ لِّقَوْمٍ يَتَفَكَّرُونَ= ചിന്തിക്കുന്ന ജനത്തിന്

തന്നിൽ തന്നെയുള്ള ദൃഷ്ടാന്തത്തിനുശേഷം തനിക്കു പുറത്ത് തന്നോട് ഏറ്റം അടുത്തതും സുവിദിതവുമായ ഒരു മഹാ ദൃഷ്ടാന്തത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. മനുഷ്യർക്ക് അവരുടെ വർഗത്തിൽനിന്നുതന്നെ ഇണകളെ സൃഷ്ടിച്ചുകൊടുത്തിരിക്കുന്നു എന്നതാണത്. മനുഷ്യർ മാത്രമല്ല പ്രപഞ്ചത്തിലെ ഏതാണ്ടെല്ലാ ചരാചരങ്ങളും ഇണകളായിട്ടാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇണകളുടെ പരസ്പര പ്രവർത്തനത്തിലൂടെയാണ് സൃഷ്ടികൾ നിലനിൽക്കുന്നതും വൃദ്ധി നേടുന്നതും, ആണിനു പെണ്ണും പെണ്ണിന് ആണും ഇണയാണ്. രാവും പകലും ഇരുട്ടും വെളിച്ചവും തീയും വെള്ളവും ഇലക്ട്രോണും പ്രോട്ടോണും എല്ലാം ഇണകളാണ്. سُبْحَانَ الَّذِي خَلَقَ الْأَزْوَاجَ كُلَّهَا -ഇണകളെയൊക്കെയും സൃഷ്ടിച്ചവൻ പരമ പരിശുദ്ധൻ (36:36). മനുഷ്യർക്ക് ജീവിത ധർമം പൂർത്തീകരിക്കാൻ ഇണകളുടെ സാന്നിധ്യവും സഹകരണവും വേണം. ഇണകളുടെ അഭാവത്തിൽ അവൻ ഏകാന്തനും അസ്വസ്ഥനുമാകുന്നു. വികാരവും വിചാരവുമുള്ള മനുഷ്യൻ അത് തന്റെ ഇണയുമായി പങ്കു വെക്കുമ്പോഴാണ് ശാന്തിയും സംതൃപ്തിയും നേടുന്നത്. മനുഷ്യന്റെ എല്ലാവിചാരവികാരങ്ങളും പരസ്പരം അറിയാനും പൂർത്തീകരിക്കാനും അവന്റെ വർഗത്തിൽപെട്ട ഇണകൾക്കേ കഴിയൂ. അതുകൊണ്ടാണ് അല്ലാഹു നിങ്ങൾക്ക് നിങ്ങളിൽനിന്നുതന്നെയുള്ള ഇണകളെ -مِّنْ أَنفُسِكُمْ أَزْوَاجًا- സൃഷ്ടിച്ചുതന്നത്. ഒരു വസ്തുവിന്റെ പ്രകൃതിപരമായ ആവശ്യം നിവർത്തിക്കുന്നത്, കുറവ് നികത്തുന്നത് ആണ് അതിന്റെ ഇണ. നിങ്ങൾ പുരുഷനാണെങ്കിൽ പുരുഷന്റെ ജീവിതം പൂർണമാക്കുന്ന ഇണ പെണ്ണും പെണ്ണാണെങ്കിൽ പെൺജീവിതം പൂർണമാക്കുന്ന ഇണ ആണുമാകുന്നു. ആണിന് ആണിന്റെ മിത്രമാവാം, സുഹൃത്താവാം, സഹായിയാകാം. പെണ്ണിന്റെ കാര്യവും അതുതന്നെ. എന്നാൽ ആണിന് ആണിന്റെയോ പെണ്ണിന് പെണ്ണിന്റെയോ ജീവിതം പൂർണമാക്കി കൊടുക്കാൻ കഴിയില്ല. മനുഷ്യ വർഗത്തിലെ അംഗങ്ങൾ എന്ന നിലയിൽ സ്ത്രീയും പുരുഷനും തുല്യരാണെന്ന് مِّنْ أَنفُسِكُمْ أَزْوَاجًا -നിങ്ങളിൽ നിന്നുതന്നെയുള്ള ഇണകൾ- എന്ന പ്രയോഗം വ്യക്തമാക്കുന്നുണ്ട്. എന്നാൽ, രണ്ടു കൂട്ടരുടെയും ധർമം ഒന്നാണെന്ന് അതിനർഥമില്ല. وَمَا خَلَقَ الذَّكَرَ وَالْأُنثَىٰ ﴿٣﴾ إِنَّ سَعْيَكُمْ لَشَتَّىٰ ﴿٤﴾ (ആണിനെയും പെണ്ണിനെയും സൃഷ്ടിച്ചവനാണ, നിങ്ങളുടെ പ്രയത്നങ്ങൾ വ്യത്യസ്തങ്ങൾ തന്നെയാകുന്നു). കർമധർമങ്ങളിലുള്ള വൈവിധ്യമനുസരിച്ച് അവകാശ ബാധ്യതകളിലും വൈവിധ്യമുണ്ടായിരിക്കും. അനിഷേധ്യമായ യാഥാർഥ്യങ്ങളാണിത്. ഈ യാഥാർഥ്യങ്ങൾ നിഷേധിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്തതുകൊണ്ടാണ് സ്ത്രീവിരുദ്ധ ദർശനങ്ങളും പുരുഷാധിപത്യ ധർമശാസ്ത്രങ്ങളും

വളർന്നുവന്നത്. അതിന് ആധുനിക ചരിത്രം നൽകുന്ന തിരിച്ചടിയാണ് പുരുഷവിരോധപരമായ ദർശനങ്ങളും അരാജകമായ സ്ത്രീസ്വാതന്ത്ര്യ പ്രസ്ഥാനങ്ങളും. ഓരോരുത്തരും അവരവരുടെ അവകാശത്തെക്കുറിച്ചു മാത്രം ചിന്തിക്കുന്നു. ഒരു കക്ഷിയുടെ ബാധ്യതയാണ് മറുകക്ഷിയുടെ അവകാശം. അവകാശ സ്വാതന്ത്ര്യങ്ങളുടെ സന്തുലിതമായ നിർവഹണത്തിലൂടെയാണ് യഥാർഥ സ്വാതന്ത്ര്യവും സമത്വവും പുലരുക എന്ന സത്യം രണ്ടു കൂട്ടരും മറക്കുന്നു.

വസിച്ചു എന്നും അടങ്ങി, ശാന്തമായി എന്നും അർഥമുള്ള പദമായ سكن -യുടെ വർത്തമാനരൂപമാണ് تسكن . ഇവിടെ ഈ വാക്കിന്റെ എല്ലാ അർഥവും ഉദ്ദേശ്യമാണെന്നാണ് لِّتَسْكُنُوا إِلَيْهَا എന്ന പ്രയോഗം സൂചിപ്പിക്കുന്നത്. പകൽ സമയത്തെ ജോലി കഴിഞ്ഞ് രാത്രി ഇണയിലേക്ക് ചെന്ന് വസിച്ച് ശാന്തിയും സമാധാനവും നുകരാൻ എന്നർഥം. ഇണ ചേർന്ന് വംശം വർധിപ്പിക്കുക മാത്രമല്ല ആൺ-പെൺ ഇണകളെ സൃഷ്ടിച്ചതിന്റെയും അവരെ വിവാഹത്തിലൂടെ ഒന്നിപ്പിച്ചതിന്റെയും ലക്ഷ്യം. ഇണചേർന്ന് ആസക്തി ശമിപ്പിക്കുന്നതിലപ്പുറമുള്ള സമാധാനവും സംതൃപ്തിയും ഉദ്ദേശിക്കപ്പെടുന്നുണ്ട്. ശാന്തവും സംതൃപ്തവുമായ ദാമ്പത്യം ദമ്പതികളെ കടുതൽ ഊർജസ്വലരാക്കുകയും കുടുംബ ജീവിതം ഭദ്രമാക്കുകയും അത് സാമൂഹിക ജീവിതത്തിൽ പ്രതിഫലിക്കുകയും ചെയ്യും. ജന്തുക്കളുടെ ആൺ-പെൺ ബന്ധത്തിന് പ്രജനനമാനം മാത്രമേയുള്ളൂ. വംശത്തിന്റെ നിലനിൽപിനുവേണ്ടി പ്രകൃതി നൽകിയ ഒരു ചോദന എന്നതിലപ്പുറമുള്ള പ്രാധാന്യം തിര്യക്കുകളുടെ ലൈംഗികാസക്തിക്ക് ഇല്ല. കുടുംബ ജീവിതവും സമൂഹ ജീവിതവും അവർക്ക് പ്രസക്തമല്ലല്ലോ. ഭാര്യയും ഭർത്താവും രണ്ടിലൊരാൾ ജോലികഴിഞ്ഞ് സന്ധ്യക്കു വീട്ടിലെത്തുമ്പോൾ നിറഞ്ഞ പുഞ്ചിരിയോടെ പരസ്പരം സ്വീകരിക്കുന്നത് എത്ര സന്തോഷകരമായ അനുഭവമാണ്! ജോലി കഴിഞ്ഞ് വീട്ടിലെത്തുന്ന ഭർത്താവിനെ ദുർമുഖത്തോടെ സ്വീകരിക്കുന്ന ഭാര്യ, ഭാര്യയെ അവഗണിച്ച് മുഖം തിരിക്കുന്ന ഭർത്താവ്, മദ്യപിച്ച് ഭാര്യയെ ശകാരിച്ചുകൊണ്ട് കയറിവരുന്ന പുരുഷൻ ഇവരൊക്കെ സ്ത്രീപുരുഷന്മാർ ഇണകളായി സൃഷ്ടിക്കപ്പെട്ടതിന്റെയും ദാമ്പത്യത്തിന്റെയും ലക്ഷ്യങ്ങൾ നിഷേധിക്കുന്നവരാണ്. അവരുടെ കുടുംബജീവിതത്തിന്റെ ജീർണത അതു സാക്ഷ്യപ്പെടുത്തുന്നുണ്ടാകും.

ودّ-ൽനിന്നുള്ള നാമമാണ് مَوَدَّةً. ഈ പദം മമത, മോഹം, മൈത്രി, സ്നേഹം, പ്രണയം തുടങ്ങിയ വികാരങ്ങളെ പ്രതിനിധീകരിക്കുന്നു. ദാമ്പത്യ ജീവിതത്തിന് സമാധാനവും സംതൃപ്തിയും പ്രദാനം ചെയ്യുന്നത് ദമ്പതികൾക്കിടയിലെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പാശമാണ്. അതിന്റെ ദാർഢ്യവും നിഷ്കളങ്കതയും അനുസരിച്ചിരിക്കും ദാമ്പത്യത്തിന്റെ കെട്ടുറപ്പ്. ദാമ്പത്യ സ്നേഹവും കാരുണ്യവും അല്ലാഹുവിന്റെ വലിയൊരു അനുഗ്രഹമാണ്. വ്യത്യസ്ത ദേശങ്ങളിൽ വ്യത്യസ്ത സാഹചര്യങ്ങളിൽ വളർന്നുവന്ന അപരിചിതരായ രണ്ടു വ്യക്തികൾ ഒരുനാൾ ഒന്നിക്കുന്നു. അന്നുമുതൽ അവരുടെ ഹൃദയങ്ങളിൽ പരസ്പര സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വികാരങ്ങൾ വളരുന്നു. ഇരുവരുടെയും ജീവിതനൗക ഒന്നായിത്തീരുന്നു. ഇരുവരും ഒന്നിച്ചു തുഴഞ്ഞ് പുതിയൊരു ജീവിതയാത്ര തുടങ്ങുന്നു. സുഗമമായ യാത്രക്ക് അവരുടെ ലക്ഷ്യവും താൽപര്യങ്ങളും അഭിരുചികളുമെല്ലാം സമരസപ്പെടേണ്ടതുണ്ട്. നിഷ്കളങ്ക സ്നേഹം കൊണ്ടു മാത്രമേ അത് സാധ്യമാകൂ. ഇരുവർക്കും ആരോഗ്യവും ലൈംഗിക ശേഷിയുമുള്ളപ്പോൾ പരസ്പര സ്നേഹം ഊഷ്മളമായി നിലനിൽക്കാൻ അതു പ്രചോദനമാകുന്നു. രണ്ടുപേർക്കും, അല്ലെങ്കിൽ രണ്ടിലൊരാൾക്ക് ഈ ശേഷി നഷ്ടപ്പെടുമ്പോൾ സ്നേഹത്തിന്റെ ഊഷ്മളത അണഞ്ഞുപോകേണ്ടതാണ്. പക്ഷേ, സാധാരണ മനുഷ്യരിൽ അങ്ങനെ സംഭവിക്കുന്നില്ല. പ്രായം ചെല്ലുംതോറും ദമ്പതികളുടെ സ്നേഹം മാംസബദ്ധതയിൽനിന്ന് മുക്തമായി കൂടുതൽ തെളിയുകയാണ്. അപ്പോൾ പ്രണയത്തിനു പകരം കരുണ-رحمة- അതിനെ ശക്തിപ്പെടുത്താനുണ്ടാകും. സ്നേഹത്തേക്കാൾ ഉദാത്തമാണ് رحمة. നിഷ്കാമ സ്നേഹമാണത്. ഇതൊന്നും യാദൃഛികമായി സംഭവിക്കുന്നതല്ല, അല്ലാഹു മനുഷ്യപ്രകൃതിയിൽ അടക്കം ചെയ്തിട്ടുള്ളതാണ്. ദമ്പതികൾ തമ്മിലുള്ള സ്നേഹം മക്കളിലേക്കും മറ്റു കുടുംബാംഗങ്ങളിലേക്കും അവിടെനിന്ന് സമൂഹത്തിലേക്കും വ്യാപിക്കുന്നു. ബുദ്ധിയോടൊപ്പം ഇത്തരം വികാരങ്ങളും അനുഭൂതികളും കൂടിച്ചേർന്നു പ്രവർത്തിക്കുമ്പോഴാണ് ഉത്കൃഷ്ടമായ സാമൂഹിക സംസ്കാരവും നാഗരികതകളും വളർന്നുവരുന്നത്.

മനുഷ്യരെ ഇണകളായി സൃഷ്ടിക്കുകയും അവന്റെ പ്രകൃതിയിൽ സ്നേഹകാരുണ്യ വികാരങ്ങൾ നിക്ഷേപിക്കുകയും ചെയ്തതിൽ സ്രഷ്ടാവിന് മനുഷ്യരോടുള്ള കാരുണ്യവും തെളിഞ്ഞു കാണാം. ഈ വികാരങ്ങളൊന്നും ഇല്ലായിരുന്നുവെങ്കിൽ മനുഷ്യരും തിര്യക്കുകളെപ്പോലെ പരിഷ്കരണമോ പരിവർത്തനമോ ഇല്ലാതെ പരസ്പരം കൊന്നും തിന്നും ഒറ്റപ്പെട്ടു ജീവിക്കുന്ന ജന്തുക്കളായേനെ.

വിരുദ്ധങ്ങളായ പ്രതിഭാസങ്ങളിൽ തന്നെ ഒരുവക രഞ്ജനവും പാരസ്പര്യവും നിക്ഷിപ്തമായിരിക്കുന്നുവെന്നതും സൃഷ്ടിയിൽ കാണപ്പെടുന്ന വലിയൊരു ദൃഷ്ടാന്തമാണ്. രാവും പകലുമായാലും ചൂടും തണുപ്പുമായാലും ആണും പെണ്ണുമായാലും എല്ലാം പരസ്പരം സഹകരിച്ചു പ്രവർത്തിക്കുന്ന ഇണകളാണ്. ഇണകളുടെ അഭാവത്തിൽ ഒറ്റക്കൊറ്റക്ക് അവയൊന്നും പ്രവർത്തനക്ഷമമാകുന്നില്ല. ഈ അണ്ഡകടാഹം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് സർവജ്ഞനും സർവശക്തനുമായ ഒരസ്തിത്വത്തിന്റെ കണിശമായ നിയന്ത്രണത്തിനു കീഴിലാണെന്നതിന്റെ വ്യക്തമായ സാക്ഷ്യമാണ് വിരുദ്ധ പ്രതിഭാസങ്ങൾക്കിടയിൽ കാണപ്പെടുന്ന രഞ്ജിപ്പും സഹകരണവും.

ദാമ്പത്യപഠനം ബാഹ്യനിരീക്ഷണത്തിൽ പരിമിതപ്പെടുത്താതെ ആന്തരികാർഥങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് ആലോചിക്കുന്നവർക്ക് മനുഷ്യന് അവന്റെ വർഗത്തിൽ നിന്നുതന്നെ ഇണകളെ സൃഷ്ടിച്ചതിലും ദമ്പതികളെ പരസ്പര ശമനത്തിന്റെയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും കാണാച്ചരടുകൊണ്ട് ജീവിതകാലമത്രയും ചേർത്തുനിർത്തുന്നതിലും ഒന്നല്ല, ഒരുപാട് ദൃഷ്ടാന്തങ്ങൾ കാണാൻ കഴിയുമെന്നാണ് إِنَّ فِي.... يَتَفَكَّرُونَ എന്ന പിൻവാക്യത്തിന്റെ സാരം.

•